Malappuram District Police

## 20.07.2017 കൊണ്ടോട്ടി

മിനി ഊട്ടി കാണാനെത്തിയ നവദമ്പതികളെ ആക്രമിച്ച സംഭവത്തിൽ രണ്ട് പേരെ കൊണ്ടോട്ടി പോലീസ് അറസ്റ്റ് ചെയ്തു. അരിമ്പ്ര ചാളക്കണ്ടി വീട്ടിൽ മൊയ്തീൻകുട്ടി (42), കൊണ്ടോട്ടി ചോക്കോട് വീട്ടിൽ അബ്ദുല്ല (32) എന്നിവരെയാണ് കൊണ്ടോട്ടി എസ്.ഐ. കെ.എ. സാബു അറസ്റ്റ് ചെയ്തത്. തിങ്കളാഴ്ച വൈകിട്ടാണ് സംഭവം. രണ്ട് പേരെയും ഇന്നലെ കൊണ്ടോട്ടിയിൽ നിന്നാണ് പോലീസ് പിടികൂടിയത്. സംഭവസമയത്ത് ഇവർ ഉപയോഗിച്ചിരുന്ന കാറും പോലീസ് കസ്റ്റഡിയിൽ എടുത്തിട്ടുണ്ട്. മലപ്പുറം ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ ഹാജരാക്കിയ പ്രതികളെ 14 ദിവസത്തേക്ക് റിമാന്റ് ചെയ്തു.